'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് തൃശ്ശൂർ ജില്ലയിലെ ഐസിഡിഎസ് ഒല്ലൂക്കര അഡീഷണൽ ഒഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രദീപ് സോമനെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1886/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/09/2019

---

പരാമർശം:- 1 സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 13/06/2019 ലെ ഇ4-6638/2019 നം. കത്ത്.

2 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 27/06/2019 -ലെ എ1-768/2013/എസ്ഇസി. നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് തൃശ്ശൂർ ജില്ലയിലെ ഐസിഡിഎസ് ഒല്ലൂക്കര അഡീഷണൽ ഒഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രദീപ് സോമന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. തൃശ്ശൂർ ജില്ലയിലെ ഐസിഡിഎസ് ഒല്ലൂക്കര അഡീഷണൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രദീപ് സോമന്റെ സേവനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് ടി വകുപ്പിന് എതിർപ്പില്ലായെന്ന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ സൂചന (1) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് തൃശ്ശൂർ ജില്ലയിലെ ഐസിഡിഎസ് ഒല്ലൂക്കര അഡീഷണൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. പ്രദീപ് സോമനെ അന്യത്ര സേവനത്തിനു ബാധകമായ വ്യവസ്ഥകൾ പ്രകാരം, തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക്, അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. പ്രദീപ് സോമൻ, ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് അഡീഷണൽ, പെരിങ്ങാവ്, തൃശ്ശൂർ ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ